പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2434

09.03.2018 -ലെ മറുപടിയ്ക്ക്

# തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.എം. ഉമ്മർ :

(എ) തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ

(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നിയമിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു:തൊഴിൽ വകുപ്പ് മന്ത്രി 06.02.2017-ാം തീയതി തൊഴിലുടമ/തൊഴിലാളി പ്രതിനിധികളുടെ യോഗം വിളിച്ച് ചേർക്കുകയും ടി യോഗത്തിൽ ടി റിപ്പോർട്ടിന്മേലുള്ള അഭിപ്രായവും നിർദ്ദേശവും തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾ എഴുതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച വരുന്നു.

കൂടാതെ തോട്ടം മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു:മുഖ്യമന്ത്രി 09.05.2017-ാം തീയതി വിളിച്ച് ചേർത്ത യോഗത്തിൽ റിട്ട.ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ശുപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലുമാണ്. തുടർന്ന് തോട്ടം മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രി 26.02.2018- ന് വിളിച്ചുചേർത്ത തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി സബ് കമ്മിറ്റിയുടെ ശുപാർശകൾ ചർച്ച ചെയ്യുകയും മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ-പാർപ്പിട മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടം തൊഴിലാളികൾക്ക് ഇഎസ്ഐ സ്കീം നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമഭേദഗതികൾ വരുത്തണമെന്നും തോട്ടങ്ങളിൽ നിലവിലുള്ള പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ ലയങ്ങൾ പൊളിച്ചു മാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകി അത്തരം കെട്ടിടങ്ങൾക്ക് വർക്കേഴ്സ് ക്വാട്ടേഴ്സ് എന്ന് നാമകരണം ചെയ്യണമെന്നും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണമെന്നും റിട്ട.ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

1951 - ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തോട്ടം തൊഴിലാളികളുടെ മെഡിക്കൽ സൗകര്യം തൊഴിലുടമ നിർവ്വഹിക്കണമെന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ ടി മേഖലയിൽ ഇ.എസ്.ഐ സ്കീം നടപ്പിലാക്കുന്നതിന് ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ യോഗം വിളിച്ച്ചേർത്ത് പരിശോധിക്കുന്നതാണ്.

തോട്ടം തൊഴിലാളികൾക്ക് വാസയോഗ്യമായ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി മേഖലയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവ്വെ നടപടി തൊഴിൽ വകുപ്പ് പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലൈഫ് മിഷൻ പുറപ്പെടുവിച്ചിട്ടുള്ള കരട് ലിസ്റ്റിൽ തോട്ടം മേഖലയിൽ നിന്നുള്ള ഗുണഭോക്താക്കൾ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ടി മേഖലയ്ക്ക് പ്രത്യേകമായി ഒരു പാർപ്പിട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് തൊഴിലാളി പ്രതിനിധികൾ 26.02.2018 - ലെ മുഖ്യമന്ത്രിയുടെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പാർപ്പിട സൗകര്യം നൽകുന്ന കാര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(സി) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം വീട് വെച്ച് നൽകുന്നതിനായി ടി മേഖലയിലെ തൊഴിലാളികളെ 4-കാറ്റഗറിയായി തിരിച്ച് സർവ്വേ നടപടി പൂർത്തീകരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കാറ്റഗറി 1:- റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർ

കാറ്റഗറി 2:- റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമുണ്ടാകുകയും എന്നാൽ വീടില്ലാത്തവരുമായവർ

കാറ്റഗറി 3:- നിലവിൽ തോട്ടത്തിനകത്ത് ജോലി ചെയ്ത് വരുന്നവരിൽ കേരളത്തിൽ സ്വന്തമായി സ്ഥലമുള്ളവർ (സ്ഥലമുണ്ടാകുകയും എന്നാൽ വീടില്ലാത്തവരുമായവർ)

കാറ്റഗറി 4:- സ്വന്തമായി വീടും, സ്ഥലവും ഇല്ലാത്ത തോട്ടം തൊഴിലാളികൾ

Sreelekha
സെക്ഷൻ ഓഫീസർ